(ബി) ഇക വകയിരുത്തിയിരുന്നുവെങ്കിൽ സംസ്ഥാനത്ത് ആകെ അനുവദിച്ച വീടുകൾക്കും നൽകാനുള്ള ഇക വകയിരുത്തിയിരുന്നോ ; അനുവദിച്ച വീടുകളുടെ എണ്ണം എത്രയായിരുന്നു ;

(സി) സംസ്ഥാന വിഹിതമായി ഈ പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകാനുള്ള ആകെ ഇക എത്രയെന്ന് വർഷം തിരിച്ചു വിശദമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) വിവരം ശേഖരിച്ചുവരുന്നു

(സി)

വർഷം	ഇക (കോടിയിൽ)
2011-12	0
2012-13	180.97
2013-14	120.57
2014-15	295.3

തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ്

2 (3285) ശ്രീ. എ. കെ. ബാലൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് സംബന്ധിച്ച വികേന്ദ്രീകരണ ആസൂത്രണ സംസ്ഥാനതല ഏകോപന സമിതിയുടെ അവസാനയോഗത്തിന്റെ വിലയിരുത്തലുകൾ വിശദമാക്കാമോ; യോഗതീരുമാനങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അർദ്ധവർഷം പിന്നിട്ടപ്പോൾ തന്നാണ്ടിലെ സർക്കാർ പദ്ധതി വിഹിതം എത്ര കോടി ചെലവഴിക്കുകയുണ്ടായി ; മൊത്തം വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനമാണത് ;

(സി) 2013-14 വർഷത്തെ തുടർ പദ്ധതികളുടെ എത്ര കോടി രൂപ ഈ വർഷം ചെലവഴിക്കേണ്ടതായിട്ടുണ്ടായിരുന്നു ; അതിൽ ഇതിനകം ചെലവഴിച്ചത് എത്ര ;

(ഡി) ജില്ലാ ആസൂത്രണ സമിതികൾ അംഗീകരിച്ച തന്നാണ്ടിലെ പദ്ധതികളെല്ലാം കൂടി എത്ര കോടി രൂപയുടേതാണ്; മുൻവർഷത്തെ തുടർ പദ്ധതികൾ എത്ര കോടി രൂപയുടേതാണ്; ഇവയിൽ മൊത്തം എത്ര കോടി രൂപയുടെ പദ്ധതി ഇതിനകം പൂർത്തിയാക്കുകയുണ്ടായി?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും 2014-15 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 1512.41 കോടി രൂപയാണ്. ഗ്രാമപഞ്ചായത്തുകൾ 878.92 കോടി രൂപയാണ് ചെലവഴിച്ചത്. ഇത് 24.37 ശതമാനമാണ്. മുൻവർഷം ഇതേ കാലയളവിൽ ചെലവിന്റെ ശതമാനം 27.09 ആണ്. ബ്ലോക്ക് പഞ്ചായത്തുകൾ 203 കോടി രൂപയും (33.73%, മുൻവർഷം 38%) ജില്ലാ പഞ്ചായത്തുകൾ 257.95 കോടി രൂപയും (20.44%) ചെലവഴിച്ചു. മുനിസിപ്പാലിറ്റികൾ 133.73 കോടി രൂപയും (23.5%, മുൻവർഷം 24.1%), കോർപ്പറേഷനുകൾ 55.03 കോടി രൂപയും (18%, മുൻവർഷം 17%) ആണ് ചെലവഴിച്ചത്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ മിനിറ്റ്സിന്റെ പകർപ്പുകൾ ലഭ്യമാണ്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച 4700 കോടി രൂപയിൽ താൽക്കാലിക കണക്കുപ്രകാരം സെപ്റ്റംബർ 30 വരെ (അർദ്ധവർഷം പിന്നിട്ടപ്പോൾ) 667.19 കോടി രൂപ (14%) ചെലവഴിച്ചു.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly